# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5579 — 18/11/2019-ൽ മറുപടിക്ക്

## ഡെങ്കിപ്പനി, എലിപ്പനി, എച്ച് 1 എൻ1 ബാധിച്ചവരുടെ എണ്ണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.ജെ. വിനോദ് | | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) | |
| എ) | സംസ്ഥാനത്ത് 2016 മുതൽ 2019 ഒക്ടോബർ വരെ ഓരോ വർഷവും ഡെങ്കിപ്പനി, എലിപ്പനി, എച്ച് 1 എൻ1 എന്നിവ എത്രപേരെ ബാധിച്ചുവെന്നും എത്ര പേർ മരണപ്പെട്ടുവെന്നും വ്യക്തമാക്കാമോ; | എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ആരോഗ്യ സൂചികയിൽ സംസ്ഥാനം മുൻപന്തിയിൽ നിൽക്കുമ്പോൾത്തന്നെ മേൽപ്പറഞ്ഞ രോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | ബി) | പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിയിരുന്നുവെങ്കിലും 2017-ൽ മുൻവർഷങ്ങളെ അപേക്ഷിച്ച് പനി, ഡെങ്കിപ്പനി, എച്ച്1 എൻ1 രോഗബാധിതരുടെയും അവ മൂലം മരണമടഞ്ഞവരുടെയും എണ്ണം കൂടുതലായിരുന്നു. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് 2018-ൽ 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവനും നീണ്ടു നിൽക്കുന്നതും സമയ ബന്ധിതവുമായ പ്രവർത്തന കലണ്ടറോട്ടുകൂടി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. അതിൽ ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിയിരുന്നു.<br>ജലജന്യ/വായുജന്യ/കൊതുകുജന്യ/ ജന്തുജന്യ രോഗങ്ങളുടെ പ്രതിരോധ നിയന്ത്രണ കാമ്പയിനുകൾ ഉൾപ്പെടെയുള്ള പ്രവർത്തനം വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ ആഭിമുഖ്യത്തിൽ ആരോഗ്യസേനാ പ്രവർത്തകരെ ഉൾക്കൊള്ളിച്ച് നടപ്പിലാക്കി. വിവിധ തലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിച്ചു. ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് 2018-ൽ പനി, ഡെങ്കിപ്പനി, എച്ച്1 എൻ1 എന്നിവയും അവ മൂലമുള്ള മരണങ്ങളും കാര്യമായി കുറയ്ക്കുവാൻ സാധിച്ചു. എന്നാൽ 2018-ലെ |

പ്രളയശേഷം എലിപ്പനിബാധിതരുടെ എണ്ണത്തിലും മരണത്തിലും വർദ്ധനവ് ഉണ്ടായപ്പോൾ ഊർജ്ജിതമായ രോഗപ്രതിരോധ മാർഗ്ഗങ്ങളിലൂടെ വളരെ പെട്ടെന്നുതന്നെ എലിപ്പനി നിയന്ത്രണ വിധേയമാക്കാനായി സാധിച്ചു എന്നാൽ പ്രതീക്ഷിച്ച പോലുള്ള വർദ്ധനവ് ജലജന്യരോഗങ്ങളുടെ കാര്യത്തിലും പ്രളയശേഷം ഉണ്ടായില്ല എന്നത് ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിയതിന്റെ ഫലമായാണ്. 2019-ലും വെള്ളപ്പൊക്ക ദുരന്തമുണ്ടായതിനോടനുബന്ധിച്ച് എലിപ്പനി പ്രതിരോധിക്കുവാൻ വമ്പിച്ച ബോധവത്കരണവും ഡോക്സിസൈക്ലിൻ പ്രതിരോധ കാമ്പയിനും ഫലപ്രദമായി നടത്തിയിരുന്നു. തൻമൂലം 2019-ൽ എലിപ്പനി, ഡെങ്കിപ്പനി മുതലായ പകർച്ചവ്യാധികളും അവ മൂലമുള്ള മരണവും 2018 നെ അപേക്ഷിച്ച് വളരെയധികം കുറയ്ക്കുവാനായി. 2018-ലും 2019-ലും രോഗബാധയും മരണവും 2017 നെ അപേക്ഷിച്ച് കുറവായിരുന്നു. എന്നിരുന്നാലും ഊർജ്ജിതമായ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ വഴി ഡെങ്കിപ്പനി, എലിപ്പനി, എച്ച്1എൻ1 എന്നിവ നിയന്ത്രിക്കാനുള്ള നടപടികൾ ആരോഗ്യവകുപ്പ് ഊർജ്ജിതമായി തന്നെ തുടർന്നു വരുന്നുണ്ട്. ഓരോ രോഗത്തിന്റെയും രോഗസാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക ശ്രദ്ധ ചെലുത്തി ആവശ്യമായ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും /ഏജൻസികളുടെയും സഹകരണത്തോടെ വാർഡുതലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

ആർദ്രം കാമ്പയിന്റെ ഭാഗമായി നവംബർ 18 മുതൽ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിച്ച് രോഗപ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | രോഗം | | | | | |
|---|---|---|---|---|---|---|
| | ഡെങ്കിപ്പനി | | എലിപ്പനി | | എച്ച്1 എൻ1 | |
| | രോഗബാധിതർ | മരണം | രോഗബാധിതർ | മരണം | രോഗബാധിതർ | മരണം |
| 2016 | 7218 | 21 | 1710 | 35 | 22 | 1 |
| 2017 | 21993 | 165 | 1408 | 80 | 1411 | 76 |
| 2018 | 4090 | 32 | 2079 | 99 | 823 | 50 |
| 2019 ഒക്ടോബർ വരെ | 3486 | 14 | 893 | 39 | 847 | 44 |